# അനാഥർക്ക് വേണ്ടിയുള്ള നിയമം

**14.11.2009–ലെ** ലക്കത്തിൽ *പ്രബോധനം* പ്രസിദ്ധീകരിച്ച മുസ്‌ലിം വ്യക്തിനിയമ പരിഷ്കരണത്തെക്കുറിച്ച റിപ്പോർട്ടാണ് ഈ കത്തെഴുതാൻ കാരണം. മൂന്നു സഹോദരിമാരെയും മാതാപിതാക്കളെയും നല്ലപോലെ സംരക്ഷിച്ചിരുന്ന, ഗുജറാത്തിൽ എഞ്ചിനീയറായിരുന്ന ഒരു സഹോദരൻ അകാലത്തിൽ മരണപ്പെട്ടു. അതിനു ശേഷമാണ് അദ്ദേഹത്തിന്റെ പിതാവ് മരിച്ചത്. നാല് പിഞ്ചു മക്കളെയും ഭാര്യയെയും വീട്ടിൽനിന്ന് ആട്ടി ഇറക്കുകയും, യത്തീമുകളായ പൗത്രന്മാർക്ക് വേണ്ടി പിതാമഹൻ എഴുതിവെച്ച വസ്വിയ്യത്ത് (ഒരേക്കറോളം ഭൂമി) നിഷ്കരുണം മറച്ചുവെക്കുകയും ആധാരത്തിൽ തിരിമറി കാണിക്കുകയും ചെയ്തു മരിച്ചയാളുടെ സഹോദരിമാർ. പിന്നീട് കേസ് കൊടുത്തപ്പോൾ കോടതി പാസ്സാക്കിയ 15 സെന്റ് ഭൂമി അളന്നുകൊടുക്കാൻ 33 വർഷമായിട്ടും ഈ സഹോദരിമാർ തയാറായിട്ടില്ല.

സ്വത്തവകാശത്തിലെന്നല്ല ഒരു വിഷയത്തിലും ഇസ്‌ലാമിന്റെ അടിസ്ഥാന നിയമങ്ങൾക്ക് മാറ്റം വന്നുകൂടാ. എന്നാൽ അടിസ്ഥാന നിയമങ്ങൾക്ക് കോട്ടം തട്ടാത്ത വിധത്തിൽ മനുഷ്യർക്ക് ഉപകാരപ്രദമായ രീതിയിൽ പുതിയ നിയമങ്ങൾ വിശുദ്ധ ഖുർആന്റെയും ഹദീസിന്റെയും വെളിച്ചത്തിൽ രൂപപ്പെടുത്തിയെടുക്കാവുന്നതാണ്.

ഒരാൾ മരണപ്പെട്ടാൽ അദ്ദേഹത്തിന്റെ സ്വത്തിൽ അദ്ദേഹത്തിന് മുമ്പ് മരിച്ചുപോയ ഒരു അവകാശിക്ക് അവകാശം ഇല്ല എന്നത് അടിസ്ഥാന നിയമമാണ്. പക്ഷേ, പിതാമഹന്റെയോ പിതാമഹിയുടെയോ സ്വത്തിൽ അവകാശമില്ലാത്ത പൗത്രന്മാർ ദരിദ്രരാവാതിരിക്കാനുള്ള നിർദേശങ്ങൾ വിശുദ്ധ ഖുർആനിലും ഹദീസുകളിലുമുണ്ട്.

1. പിതാമഹനോ പിതാമഹിയോ ആരായാലും തന്റെ മരിച്ചുപോയ മകന്റെ മക്കൾക്ക് സ്വത്ത് വസ്വിയ്യത്ത് ചെയ്യണം.

2. നിങ്ങൾ സ്വത്ത് വീതംവെക്കുമ്പോൾ അവിടെ ഏതെങ്കിലും അനാഥകൾ ഹാജരുണ്ടെങ്കിൽ അവർക്കു കൂടി ഒരു വിഹിതം നൽകണം.

3. അനാഥരെ ആട്ടിയോടിക്കരുത്. ആട്ടിയോടിക്കുന്നവൻ ദീനിനെ കളവാക്കുന്നവനാണ്.

4. ചൂണ്ടുവിരലും നടുവിരലും ഉയർത്തിപ്പിടിച്ചുകൊണ്ട് നബി(സ) പറഞ്ഞു: "ഞാനും അനാഥരെ സംരക്ഷിക്കുന്നവരും നാളെ സ്വർഗത്തിൽ ഇതുപോലെ അടുത്തവരായിരിക്കും."

ഇത്തരം കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഈ അനാഥകളുടെ പിതാവ് മരണപ്പെട്ടിട്ടില്ല എന്ന് സങ്കൽപിച്ച് അദ്ദേഹത്തിന് കിട്ടുമായിരുന്ന സ്വത്തോഹരി അൽപം മുൻതൂക്കത്തിൽ ഈ അനാഥകൾക്ക് നൽകുക. ഇനി പിതാമഹനോ പിതാമഹിയോ അവരുടെ സ്വത്തിൽ പൗത്രർക്കു വേണ്ടി വസ്വിയ്യത്ത് ചെയ്തിട്ടില്ല, സ്വത്തിന്റെ അവകാശികൾ അനാഥകളെ പരിഗണിക്കുന്നുമില്ല, എങ്കിൽ ഇസ്‌ലാമിക പണ്ഡിതന്മാർ നോക്കുകുത്തികളായി ഇരുന്നുകൂടാ. മഹല്ലുകളും പണ്ഡിതന്മാരും ജുഡീഷ്യറിയും ഇടപെട്ട് വിശുദ്ധ ഖുർആൻ അനാഥകളെ കാണുന്ന കാഴ്ചപ്പാടിലൂടെ, പിതാമഹന്റെയോ പിതാമഹിയുടെയോ സ്വത്ത് വസ്വിയ്യത്ത് നിയമപ്രകാരം മൂന്നിൽ ഒന്ന് കവിയാത്ത വിധത്തിൽ നിർബന്ധമായും ഈ അനാഥകൾക്ക് ലഭിക്കാനുള്ള നിയമം പ്രാബല്യത്തിൽ കൊണ്ടുവരണം. അനാഥകളെ ചൂഷണംചെയ്യുന്നവർ കാരണം ഇസ്‌ലാം കേൾക്കേണ്ടിവരുന്ന അപവാദത്തിൽനിന്നും രക്ഷപ്പെടാൻ ഇതാണ് നല്ല

വഴി.

**പരീത് കാവുങ്ങൽ,**
**നാട്ടിക ബീച്ച്**

## ആരായിരുന്നു അതിനു പിന്നിൽ?

**ലൗ** ജിഹാദെന്ന കെട്ടുകഥയുണ്ടാക്കി സംഘ്പരിവാറും ഇസ്‌ലാമികവിരുദ്ധ ശക്തികളും പത്രമാധ്യമങ്ങളിലും തെരുവിലും മാസങ്ങളായി പടച്ചുവിട്ടുകൊണ്ടിരിക്കുന്ന റിപ്പോർട്ടുകൾ ഗൂഢാലോചനയുടെ ഭാഗമാണ്. ലൗ ജിഹാദ് എന്ന പരാമർശം പത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്നതിന് ഏകദേശം മൂന്ന് മാസം മുമ്പ് മുസ്‌ലിം അനുകൂല വാർത്തയെന്നോണം ഒരു റിപ്പോർട്ട് ഇന്റർനെറ്റിൽ പ്രത്യക്ഷപ്പെട്ടിരുന്നു. സംഘ്പരിവാർ അനുകൂലികൾ കേരളത്തിൽ നടത്തുന്ന മൊബൈൽ ഷോപ്പുകളിൽ മുസ്‌ലിം സ്ത്രീകൾ നമ്പർ കൊടുത്ത് റീ ചാർജ് ചെയ്യുമ്പോൾ ആ നമ്പറുകൾ സംഘ്പരിവാർ അനുകൂലികൾക്ക് കൈമാറി മുസ്‌ലിം സ്ത്രീകളെ പ്രണയക്കുരുക്കിൽ പെടുത്തി മതംമാറ്റി കല്യാണം കഴിക്കുകയും ആയിരക്കണക്കിന് മുസ്‌ലിം യുവതികളെ വഴിതെറ്റിക്കുകയും ചെയ്തുവെന്നും ജാഗ്രത വേണമെന്നുമായിരുന്നു റിപ്പോർട്ട്. റിപ്പോർട്ടിന്റെ മേൽവിലാസം കൊടുത്തിരുന്നില്ല. അതിനു ശേഷമാണ് ഇതേ ആരോപണം മുസ്‌ലിംകൾക്കെതിരെ ഉന്നയിക്കപ്പെട്ടിരിക്കുന്നത്. ഇത്തരം വാർത്തകൾ ആരാണ് സൃഷ്ടിക്കുന്നത്? ലോകാടിസ്ഥാനത്തിൽതന്നെ ഇസ്‌ലാമിന്റെ എതിരാളികളുടെ കരങ്ങൾ ഇത്തരം കാര്യങ്ങൾക്ക് പിന്നിലുണ്ടോ എന്ന് സംശയിക്കണം. ഇന്ത്യയിൽ ഹിന്ദുക്കളെയും മുസ്‌ലിംകളെയും തീരാത്ത ശത്രുതയിൽ നിർത്താനും അതു വഴി ഹിഡൻ അജണ്ടകൾ നടപ്പാക്കാനുമുള്ള സാമ്രാജ്യത്വശക്തികളുടെ ശ്രമം തള്ളിക്കളയാൻ കഴിയില്ല. അതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് ക്രിസ്ത്യൻ ജാഗ്രതാ കമ്മിറ്റി ഇറക്കിയ ലഘുലേഖയും *മനോരമ*യിൽ വന്ന സ്ഫോടനാത്മകമായ റിപ്പോർട്ടും. പല രീതിയിലും ആളുകളെ മതപരിവർത്തനം ചെയ്തിരുന്ന ക്രിസ്ത്യൻ മിഷനറി, മതത്തിൽ ആളെ കൂട്ടുന്നതിലുപരി അവരുടേതായ കോളനി സ്ഥാപിക്കുക എന്ന രാഷ്ട്രീയ ലക്ഷ്യം വൻകിട രാജ്യങ്ങളുടെ സഹായത്തോടെ നടത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ഇതിൽനിന്നും ജനശ്രദ്ധ തിരിച്ചുവിടാനുള്ള തന്ത്രമായും ലൗ ജിഹാദ് ആരോപണത്തെ കാണാവുന്നതാണ്. *മനോരമ* പോലുള്ള പ്രസിദ്ധീകരണങ്ങളുടെ മാർക്കറ്റ് സാധാരണക്കാരായ മുസ്‌ലിംകളാണ്. ആ പത്രം തന്നെയാണ് ലൗ ജിഹാദ് ഉയർത്തി സമുദായത്തെ അവഹേളിക്കാൻ മുന്നിൽ നിന്നത്. ഇത് നാം തിരിച്ചറിയുകയും ജനങ്ങളെ ബോധവത്കരിക്കുകയും ചെയ്യണം.

**അബ്ദുല്ല കണ്ണൂർ**

## അന്നങ്ങനെ, ഇന്നിങ്ങനെ....

**'50-കളിൽ** കേരളത്തിൽ ഒരു മാസിക ഉണ്ടായിരുന്നു, 'ചിന്തകൻ'. അതിൽ ഒരു ലേഖനം വന്നു, 'എഴുതീട്ടെന്ത്, പ്രസംഗിച്ചിട്ടെന്ത്?' എന്ന ശീർഷകത്തിൽ. പിന്നെ അതിനൊരു ഖണ്ഡനവും വന്നു, 'എഴുതീട്ടെന്ത്, പ്രസംഗിച്ചിട്ടെന്ത് എന്ന് എഴുതീട്ടെന്ത്?'

എല്ലാ സംഘടനകൾക്കും *ചിന്തകനിൽ* സ്ഥലം നൽകിയിരുന്നു, ഖാദിയാനികൾക്കും. ലേഖനങ്ങൾ പരസ്പര വിരുദ്ധങ്ങളായിരിക്കും. മർഹൂം വി.പി മുഹമ്മദലി ഹാജി സാഹിബ് അതിൽ എഴുതാൻ വിസമ്മതിച്ചു. ആ പത്രത്തെ ഇസ്‌ലാമിന്റെ ചവറ്റുകൊട്ടയെന്ന് അദ്ദേഹം വിശേഷിപ്പിച്ചതായി കേട്ടിട്ടുണ്ട്.

ഇപ്പോഴിത് ഓർക്കാൻ കാരണം വർത്തമാനകാലത്തെ *പ്രബോധന*ങ്ങളാണ്. ഒരാൾ